# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർ സെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം – 1

# DIRECTORATE OF GENERAL EDUCATION, (HIGHER SECONDARY SECTION) HOUSING BOARD BUILDINGS, SANTHI NAGAR, THIRUVANANTHAPURAM – 1.

## ഒന്നാംവർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ, ജൂലൈ 2019

## FIRST YEAR HIGHER SECONDARY IMPROVEMENT/SUPPLEMENTARY EXAMINATION, JULY 2019

# NOTIFICATION

**No. EX-II/1/10500/HSE/2019** **Dated : 21/06/2019**

2019–ലെ ഹയർ സെക്കന്ററി/ടെക്നിക്കൽ ഹയർ സെക്കന്ററി /ആർട്ട് ഹയർ സെക്കന്ററി ഒന്നാംവർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ **22/07/2019 മുതൽ 29/07/2019 വരെ** അനുബന്ധമായി ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. കേരളത്തിനു പുറമേ ലക്ഷദ്വീപിലും യു.എ.ഇ–യിലും പരീക്ഷാകേന്ദ്രങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

The Higher Secondary/Technical Higher Secondary/Art Higher Secondary First Year Improvement/Supplementary Examination of July 2019 will commence with effect from **22/07/2019 to 29/07/2019** as per the time table appended. The Examination will be conducted at the Examination centres in Kerala, Lakshadweep and UAE.

**യോഗ്യത**

**റഗുലർ പരീക്ഷാർത്ഥികൾ**

1) മാർച്ച് 2019–ലെ ഒന്നാംവർഷ ഹയർ സെക്കന്ററി പരീക്ഷയിൽ എഴുതിയിട്ടുള്ള ആറ് വിഷയങ്ങളിൽ ഏതെങ്കിലും മൂന്നു വിഷയങ്ങൾക്ക് വരെ സ്കോർ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

2) 2019–മാർച്ചിലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഒരു വിഷയത്തിനും പരീക്ഷ എഴുതാൻ സാധിക്കാത്തവർക്ക് എല്ലാ വിഷയത്തിനും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. 2019–ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിഷയങ്ങളിൽ പരീക്ഷ എഴുതാത്തതായിട്ടുള്ള വിഷയങ്ങളുണ്ടെങ്കിൽ അവ എഴുതുന്നതിനും (സപ്ലിമെന്ററി) എഴുതിയ വിഷയങ്ങളിൽ മൂന്നു വിഷയങ്ങൾ വരെ മെച്ചപ്പെടുത്തുന്നതിനു (ഇംപ്രൂവ്മെന്റ്) വേണ്ടിയും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഉദാഹരണമായി മാർച്ച് 2019 –ൽ നാലു പരീക്ഷകൾ എഴുതുകയും രണ്ടു പരീക്ഷയ്ക്ക് ഹാജരാകാൻ കഴിയാതെയുമിരുന്ന വിദ്യാർത്ഥികൾക്ക് ഹാജരാകാൻ സാധിക്കാതിരുന്ന രണ്ടു പരീക്ഷകളോടൊപ്പം ആവശ്യമെങ്കിൽ മൂന്ന് വിഷയങ്ങൾക്ക് ഇംപ്രൂവ് ചെയ്യുന്നതിനും അപേക്ഷിക്കാവുന്നതാണ്. ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് ഒരു വിഷയത്തിനും ഹാജരാകാത്തവർക്ക് ആറു വിഷയങ്ങൾക്കും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. **റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ 2019 ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയിലോ ഈ സപ്ലിമെന്ററി പരീക്ഷയിലോ ആറ് വിഷയങ്ങളും എഴുതിയിട്ടുണ്ടെങ്കിൽ മാത്രമേ മാർച്ച് 2020 ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.**

## ELIGIBILITY

### REGULAR CANDIDATES:

1) Candidates who have appeared for all the six subjects at the First Year Higher Secondary Examination, March 2019 can register in this examination for upto three subjects for improving his/her scores in those subjects.

2) Candidates who have registered for the First Year Higher Secondary Examination, March 2019, but could not attend the First Year Higher Secondary Examination, March, 2019 due to various reasons can register for all subjects for which they were absent. In addition to registering for the absent papers such candidates can also register for improving the scores of upto three papers of the appeared subjects. For eg. a candidate who had appeared for four subjects at the First Year Higher Secondary Examination, March 2019 and was absent for the remaining two subjects can register for the two subjects for which he/she was absent and also register for improving the scores of any three subjects which he/she attended at the First Year Higher Secondary Examination, March 2019. A candidate who was absent for all six subjects at the First Year Higher Secondary Examination, March 2019 can register for all six subjects. **Regular candidates who have appeared for all six subjects at the First Year Higher Secondary Examination, March 2019 or this First Year Improvement Examination, July 2019 alone are eligible to register for the Plus Two Higher Secondary Examination, March 2020.**

### ലാറ്ററൽ എൻട്രി പരീക്ഷാർത്ഥികൾ

3) മറ്റു പരീക്ഷാ ബോർഡുകളിൽ നിന്നും 2019–ൽ രണ്ടാം വർഷ ഹയർ സെക്കന്ററി കോഴ്സിലേക്ക് പുന:പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ലാറ്ററൽ എൻട്രി പരീക്ഷാർത്ഥികളായി എല്ലാ വിഷയങ്ങൾക്കും ഈ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതും ഹാജരാകേണ്ടതുമാണ്. ടി വിദ്യാർത്ഥികൾക്ക് ഈ സപ്ലിമെന്ററി പരീക്ഷ എഴുതിയാൽ മാത്രമേ ഇവർക്ക് 2020–ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇവർ ഈ പരീക്ഷയ്ക്ക് മുമ്പ് ഒന്നാം വർഷ ഹയർ സെക്കന്ററി പാഠ്യപദ്ധതിയുടെ ഭാഗമായി എല്ലാ വിഷയത്തിനും നിരന്തര മൂല്യനിർണ്ണയത്തിന് വിധേയരാകേണ്ടതുണ്ട്.

### LATERAL ENTRY CANDIDATES

3) Candidates admitted to the Second Year Higher Secondary course from other Boards/Institutions during 2019-2020 shall register and appear for all subjects in this supplementary Examination as lateral entry candidates. They shall undergo Continuous Evaluation in all six subjects of First Year Higher Secondary course. They shall be eligible for registering for the Second Year Higher Secondary Examination March 2020 only if they appear for the First Year Higher Secondary Examination in all subjects, at this Examination.

## പുന:പ്രവേശനം നേടിയ പരീക്ഷാർത്ഥികൾ

4) **2019–ൽ രണ്ടാം വർഷ ഹയർ സെക്കന്ററി കോഴ്സിലേക്ക് പുന:പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടേയും, 2019–ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ റദ്ദു ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടേയും ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് നേടിയിട്ടുള്ള മാർക്കുകൾ നിലനിർത്തുന്നതായിരിക്കും. ഈ വിഭാഗം വിദ്യാർത്ഥികൾക്കും ഹയർ സെക്കന്ററി പരീക്ഷയുടെ ഭാഗമായ നിരന്തര മൂല്യനിർണ്ണയം, പ്രായോഗിക മൂല്യനിർണ്ണയം എന്നിവ ബാധകമായിരിക്കും. രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ റദ്ദു ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ പ്രാക്ടിക്കലും റദ്ദു ചെയ്യപ്പെടുമെന്നതിനാൽ തുടർന്നുള്ള രണ്ടാം വർഷ തിയറി പരീക്ഷയോടൊപ്പം പ്രാക്ടിക്കലിനും പങ്കെടുക്കേണ്ടതാണ്.**

## RE-ADMITTED CANDIDATES

4) **The candidates re-admitted for the Second Year Higher Secondary Course in 2019 and the candidates who cancelled their 2019 Second year examination shall be eligible for getting retained their scores obtained in the first year higher secondary exam previously. The candidate who cancelled the Second Year Exam should attend both the theory and practical examination as the practical evaluation score obtained will be cancelled along with the examination cancellation.**

## കമ്പാർട്ട്മെന്റൽ പരീക്ഷാർത്ഥികൾ

5). a) രണ്ടാം വർഷ ഹയർ സെക്കന്ററി കോഴ്സ് പൂർത്തീകരിച്ചിട്ടുള്ളതും 2015 മുതൽ നടത്തപ്പെട്ടിട്ടുള്ള ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും എന്നാൽ പരീക്ഷ എഴുതാൻ സാധിക്കാത്തതുമായ വിദ്യാർത്ഥികൾ ഈ സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് 2020 മാർച്ചിലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത നേടാവുന്നതാണ്. ഈ വിഭാഗം വിദ്യാർത്ഥികൾക്കും ഹയർ സെക്കന്ററി പരീക്ഷയുടെ ഭാഗമായ നിരന്തരമൂല്യ നിർണ്ണയം, പ്രായോഗിക പരീക്ഷ എന്നിവ ബാധകമായിരിക്കും. കൂടാതെ school Going വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണെങ്കിൽ ഒന്നാം വർഷ ഹയർ സെക്കന്ററി കോഴ്സിന് 75% ൽ കുറയാത്ത ഹാജർ നേടിയിട്ടുള്ളവരുമായിരിക്കണം.

b) 2015 മുതൽ നടത്തപ്പെട്ട ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയോ എഴുതിയിട്ടുള്ളതോ ആയ വിദ്യാർത്ഥികൾ തുടർന്നുള്ള രണ്ടാം വർഷ പരീക്ഷകൾക്ക് D+ ഗ്രേഡോ അതിനു മുകളിലോ നേടി വിജയിക്കാൻ കഴിയാത്ത വിഷയങ്ങൾക്ക് ഈ സപ്ലിമെന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്താൽ മാത്രമേ തുടർന്നു വരുന്ന 2020–ലെ രണ്ടാം വർഷ മാർച്ച് പരീക്ഷയ്ക്ക് ഈ വിഷയങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള യോഗ്യത നേടുവാൻ കഴിയുകയുള്ളൂ. **(മുൻവർഷങ്ങളിൽ ഒന്നാം വർഷ പരീക്ഷയ്ക്ക് നേടിയിട്ടുള്ള മാർക്ക് നിലനിർത്തി രണ്ടാം വർഷ പരീക്ഷയ്ക്ക് മാത്രമായി രജിസ്റ്റർ ചെയ്യുവാൻ കഴിയുന്നതല്ല.)** ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ നേടിയിട്ടുള്ള സി.ഇ സ്കോർ, പ്രാക്ടിക്കൽ സ്കോർ എന്നിവ നിലനിൽക്കുന്നതാണ്.

**കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾക്ക് മാത്രം ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് ഒറ്റത്തവണ രജിസ്ട്രേഷനാണ് നൽകുന്നത്. അവർ ടി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിഷയത്തിൽ, ജൂലൈ 2019–ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്കും മാർച്ച് 2020–ലെ രണ്ടാംവർഷ പരീക്ഷയ്ക്കും രജിസ്റ്റർ ചെയ്യപ്പെടും. പരീക്ഷയെഴുതുന്ന വിഷയത്തിന്റെ ജൂലൈ 2019–ലെ ഒന്നാംവർഷ ഇംപ്രൂവ്മെന്റ് പരീക്ഷാഫീസും മാർച്ച് 2020–ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും ഒന്നിച്ച് ഒടുക്കേണ്ടതാണ്.**

**<u>COMPARTMENTAL CANDIDATES</u>**

5) (a) Candidates who registered for the First Year Higher Secondary Examination, in between March 2015 to March 2019, but did not appear for the exam and completed the Second Year Course can register for this Examination provided they have undergone Continuous Evaluation for all six subjects. In the case of school-going candidates, they should have also completed the First Year Course by securing not less than 75% attendance.

(b) Candidates registered/appeared for Second Year Higher Secondary Examination but failed to attain D+ grade or above for any of the subjects, should appear for this supplementary examination for the failed subjects for attaining eligibility to register for the failed subjects in March 2020 Second Year Higher Secondary Exam. **[TE scores of First Year Examination of the ineligible subjects obtained previously will not be retained].** This shall also be their registration for the Second Year Higher Secondary Examination March 2020, since the eligibility in the concerned subject(s) of candidates coming under the above category will be determined by the TE scores attained by them at this First Year Higher Secondary Supplementary Examination July 2019 and the Second Year Higher Secondary Examination March 2020 to which will be added the CE & PE scores obtained by them earlier in those subject(s). **ie., Candidates who became ineligible for higher studies should appear for the First Year papers of the ineligible subjects along with this Supplementary Examination and the Second Year papers along with the Second Year March 2020 Examination.**

***This candidates coming under the above category termed, Compartmental candidates (only) shall be provided onetime registration for this Examination for the subjects they wish to appear and the forthcoming Second Year Higher Secondary Examination, March 2020. In other words, such candidates can register for the First Year Improvement Examination, July 2019 in a particular subject and for the subsequent March Examination in the same subject at a stretch. Examination Fee should be remitted for the subjects they wish to appear in First Year Higher Secondary Improvement Examination July 2019 and Second Year Higher Secondary Examination March 2020.***

ബയോളജിയിലെ ബോട്ടണി, സുവോളജി എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തിനു മാത്രമായി രജിസ്റ്റർ ചെയ്യാൻ കഴിയുന്നതല്ല. ബയോളജിയ്ക്ക് രജിസ്റ്റർ ചെയ്യുന്ന പരീക്ഷാർത്ഥികൾ ബോട്ടണി പരീക്ഷയും സുവോളജി പരീക്ഷയും എഴുതേണ്ടതാണ്.

Candidates appearing for First Year Improvement examination in Biology should attend both Botany and Zoology papers.

**കമ്പ്യൂട്ടർ സയൻസ് & ഇൻഫോർമേഷൻ ടെക്നോളജി , ഇലക്ട്രോണിക് സിസ്റ്റംസ് എന്നീ വിഷയങ്ങൾ ഒഴികെയുള്ള വിഷയങ്ങൾക്ക് പരീക്ഷകൾ പുതിയ സിലബസ് പ്രകാരം മാത്രം ഉണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് 2014 അഡ്മിഷൻ മുതലുള്ള പാഠ്യപദ്ധതി പ്രകാരം പുതിയ സിലബസിൽ മാത്രം പരീക്ഷ എഴുതാവുന്നതാണ്. ഇലക്ട്രോണിക് സിസ്റ്റംസ് , കമ്പ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾക്ക് പഴയ സിലബസ് പ്രകാരവും പുതിയ സിലബസ് പ്രകാരവും പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. ഈ വിഷയങ്ങൾക്കു വിദ്യാർത്ഥികൾക്ക് അവർ പഠിച്ച പാഠ്യപദ്ധതി പ്രകാരമുള്ള സിലബസ്സിൽ പരീക്ഷ എഴുതാവുന്നതാണ്.**

**The examination will be conducted in new syllabus only for all subjects except Electronic Systems and Computer Science and Information Technology. The candidate can write the examination in the new syllabus introduced from 2014 admission onwards. For Electronic Systems and Computer Science and Information Technology, the examination will be conducted both in new and old syllabus. The candidates can write the exam in Electronic Systems and Computer Science and Information Technology in the same syllabus which they studied.**

## അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ച്

വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷകൾ അവസാനമായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂൾ പ്രിൻസിപ്പലിന് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ വിദ്യാർത്ഥി തങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കേണ്ടതും അത് സ്കൂൾ പ്രിൻസിപ്പലിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വിദ്യാർത്ഥിയ്ക്ക് താൻ പഠിച്ച സ്കൂളിൽ നിന്നോ മാർച്ച് 2019–ലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ നിന്നോ അപേക്ഷാഫോറം വാങ്ങാവുന്നതാണ്. സ്കൂൾ പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ വെബ് പോർട്ടലായ **iExaMS** വഴി ഓൺലൈനായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകൾ പോർട്ടലിൽ ലഭ്യമാക്കുമ്പോൾ അതിൽനിന്നും ഡൗൺലോഡ് ചെയ്തെടുത്ത് വിദ്യാർത്ഥികൾക്ക് മൂന്ന് ദിവസം മുമ്പെങ്കിലും നൽകേണ്ടതാണ്. വിദ്യാർത്ഥി തങ്ങൾക്ക് ലഭിച്ച അഡ്മിഷൻ ടിക്കറ്റിൽ തെറ്റുകളില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, ലഭിച്ച അഡ്മിഷൻ ടിക്കറ്റ് മാറിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ വിജ്ഞാപനം ഓപ്പൺ സ്കൂളിനും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്കും ബാധകമാണ്. സ്കൂൾ പ്രിൻസിപ്പൽ അനുബന്ധരേഖകൾ സഹിതമുള്ള അപേക്ഷകൾ വാങ്ങേണ്ടതും അപേക്ഷകളിലെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും നോമിനൽ റോളും പരീക്ഷാർത്ഥികളുടെ ചോദ്യപേപ്പർ വിശദാംശങ്ങളും, അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

## SUBMISSION OF APPLICATIONS REGARDING

Application duly filled in shall be submitted to the Principal of the school where the student is registered for the March 2019 Examination along with prescribed fee. A passport-size photograph attested by the Principal should be pasted in the space provided in the application form. The candidates can have their application forms from their schools where they appeared for the Examination of March 2019 or from the School where they are studying. The Principals of the respective schools should register the candidates at their centre for First Year Improvement Examination, July 2019, through online in the Department portal, **iExaMS**. The concerned school authorities should download the admission tickets of the candidates attending First Year Improvement Examination, July 2019 and distribute the same to the candidates atleast three days before the commencement of the Examination. The candidates on receipt of the admission tickets must scrutinize them and get the defect, if any rectified then and there. The notification is applicable to the Open School and the Private Registration Candidates also. Application form is common to all candidates. The Principals of the parent school should receive the applications with enclosures, consolidate the data, prepare the nominal roll and question paper statement of the candidates attending the Examination and upload the details through Department Portal before the last date fixed for the same.

## ഒന്നാം വർഷ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷാ ഫീസ്

| റഗുലർ/ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷാ ഫീസ് | 175/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് | 40/- രൂപ |

**FIRST YEAR HIGHER SECONDARY IMPROVEMENT/SUPLIMENTARY EXAMINATION FEE**

**REGULAR/LATERAL ENTRY/RE-ADMISSION CANDIDATES**

| | |
|---|---|
| **1. Fee for Improvement/Supplementary Examination** | **Rs.175/-per paper** |
| **2 .Fee for Certificate** | **Rs.40/-** |

| കമ്പാർട്ട്മെന്റൽ പരീക്ഷാർത്ഥികൾക്ക് (ഒറ്റത്തവണ രജിസ്ട്രേഷൻ) | | |
|---|---|---|
| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
| 1 | ഒന്നാം വർഷ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷാ ഫീസും മാർച്ച് 2019-ലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷാഫീസും | 225/-രൂപ (ഒരു വിഷയത്തിന്) |
| 2 | സർട്ടിഫിക്കറ്റ് ഫീസ് (രണ്ട് എണ്ണം) | 80/- രൂപ |

| |
|---|
| **COMPARTMENTAL CANDIDATES (ONE TIME REGISTRATION)** |
| **1. Fee for Improvement/Supplementary Examination & Second Year Higher Secondary Examination March 2019 - Rs.225/- per paper** |
| **2.Fee for two Certificates - Rs. 80/-** |

| റഗുലർ/ലാറ്ററൽ എൻട്രി/റീ അഡ്മിഷൻ പരീക്ഷാർത്ഥികൾക്ക് | |
|---|---|
| ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് മാതൃസ്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **25/06/2019** |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | **26/06/2019** |
| ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി പരീക്ഷാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷനും ചോദ്യപേപ്പർ വിശദാംശങ്ങളും അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള അവസാന തീയതി | **27/06/2019** |

| **REGULAR/LATERAL ENTRY/RE-ADMISSION CANDIDATES** | | |
|---|---|---|
| **Last date for submission of Application Form** | **:** | **25/06/2019** |
| **Last date for remittance of fee at the treasury by the Principals** | **:** | **26/06/2019** |
| **Last date for online registration of candidates & uploading of Question Paper data through Department portal from the School** | **:** | **27/06/2019** |

| കമ്പാർട്ട്മെന്റൽ പരീക്ഷാർത്ഥികൾക്ക് (ഒറ്റത്തവണ രജിസ്ട്രേഷൻ) | |
|---|---|
| ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയ്ക്ക് മാതൃസ്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **03/07/2019** |
| സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി | **04/07/2019** |
| ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി പരീക്ഷാർത്ഥികളുടെ ഓൺലൈൻ രജിസ്ട്രേഷനും ചോദ്യപേപ്പർ വിശദാംശങ്ങളും അപ്‌ലോഡ് ചെയ്യുന്നതിനുമുള്ള അവസാന തീയതി | **05/07/2019** |

| **COMPARTMENTAL CANDIDATES (ONE TIME REGISTRATION)** | | |
|---|---|---|
| **Last date for submission of Application Form** | **:** | **03/07/2019** |
| **Last date for remittance of fee at the treasury by the Principals** | **:** | **04/07/2019** |
| **Last date for online registration of candidates & uploading of Question Paper data through /Department portal from the School** | **:** | **05/07/2019** |

പരീക്ഷാഫീസ് ഗവൺമെന്റ് ട്രഷറിയിൽ **“0202-01-102-97(02) Exam Fees”** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും സർട്ടിഫിക്കറ്റിനുള്ള ഫീസ് **“0202-01-102-97 (03) Other Receipts”** എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും ഒടുക്കേണ്ടതാണ്.

The fee for the Examination should be remitted in the Government Treasury under the Head of Account **“0202-01-102-97(02) Exam Fees”** and fee for Certificate, should be remitted under the Head of Account **“0202-01-102-97 (03) Other Receipts”.**

## ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾ

ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് അവർ, മാർച്ച് 2019–ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി പരീക്ഷാർത്ഥികൾക്ക് ഗൾഫിൽ അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലോ വിദ്യാർത്ഥി പഠിച്ച വിഷയ കോമ്പിനേഷനുള്ള കേരളത്തിലെ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിലോ പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന പരീക്ഷാർത്ഥികളുടെ വിവരങ്ങൾ മാതൃസ്കൂൾ പ്രിൻസിപ്പൽ/ കോ–ഓർഡിനേറ്റർ ക്രോഡീകരിച്ച് പരീക്ഷാ സെക്രട്ടറിയുടെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ടി പരീക്ഷാർത്ഥി മാർച്ച് 2019–ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷ അഡ്മിഷൻ ടിക്കറ്റും മാതൃസ്കൂൾ തിരിച്ചറിയൽ കാർഡും കേരളത്തിലെ പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂൾ പ്രിൻസിപ്പൽ പരീക്ഷാർത്ഥിയെ സംബന്ധിച്ചുള്ള ആവശ്യമായ വിശദാംശങ്ങളും ചോദ്യ പേപ്പർ സ്റ്റേറ്റ്മെന്റും ഒന്നാം വർഷ ഇംപ്രൂവ്മെന്റ് പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പലിനു, നിശ്ചിത സമയത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യത്തക്ക രീതിയിൽ മുൻകൂറായി നൽകേണ്ടതാണ്. മാതൃസ്കൂൾ പ്രിൻസിപ്പൽ കേരളത്തിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ വിശദാംശങ്ങൾ jdexamdhse@gmail.com –ലും അയയ്ക്കേണ്ടതാണ്. ഗൾഫ് മേഖലയിലെ പരീക്ഷാകേന്ദ്രത്തിൽ ഒന്നാം വർഷ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷ നടത്തുന്നതിനുള്ള മുഴുവൻ ചിലവും ഗൾഫ് മേഖലയിലെ ഹയർ സെക്കന്ററി സ്കൂളിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളെ സജ്ജമാക്കുന്ന സ്കൂളുകൾ തുല്യമായി വഹിക്കേണ്ടതാണ്.

## CANDIDATES OF GULF SCHOOLS

The candidates from Gulf shall submit their application in the centre where they had registered for the First Year Higher Secondary Examination, March 2019. The candidates of Gulf can appear for the examination at the UAE exam centre OR anyone of the examination centre in Kerala where the Examination is conducted for the subject/subject combination the candidate has studied during the Higher Secondary Course. The Principal of the parent school/Co-ordinator of Gulf region shall forward the details of students for prior sanction. The students shall produce their Admission Ticket of First Year Higher Secondary Examination, March 2019/Identity Card issued from the

School before the Principal of the Examination Centre. The Principals of the parent school in Gulf region shall forward the details of the students along with the Question Paper requirement to the Examination Centres well in advance so as to enable the Principal of the Examination Centre to consolidate the question paper requirement and to upload the same before the last date prescribed for the same. The Principal of the parent school shall also forward the details of candidates who appear the exam in Kerala to jdexamdhse@gmail.com. ***The centre in the Gulf is permitted on condition that the whole expense for conducting this exam shall be borne equally by all the Higher Secondary schools presenting candidates for the examination.***

## ലക്ഷദ്വീപിലെ പരീക്ഷാർത്ഥികൾ

ലക്ഷദ്വീപ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് അവർ, മാർച്ച് 2019–ലെ ഒന്നാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി മേഖലയിലെ പരീക്ഷാർത്ഥികൾക്ക് മാർച്ച് 2019 –ലെ പരീക്ഷാകേന്ദ്രത്തിൽ വച്ചു തന്നെ പരീക്ഷ എഴുതാവുന്നതാണ്. ഒന്നാം വർഷ ഹയർ സെക്കന്ററി ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷ നടത്തിപ്പു സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും ലക്ഷദ്വീപ് യൂണിയൻ ടെറിറ്ററി ഭരണവിഭാഗത്തിലെ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിക്ഷിപ്തമാണ് എന്ന വ്യവസ്ഥയിലാണ് ഒന്നാം വർഷ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്.

## CANDIDATES OF LAKSHADWEEP SCHOOLS

The candidates from Lakshadweep shall submit their application in the centre where they had registered for the First Year Higher Secondary Examination, March 2019. The candidates in Lakshadweep can appear for the Examination in centres provided in Lakshadweep where they had appeared for March 2019 Examination. The Examination centres are allowed for the First Year Improvement / Supplementary Examination on condition that the entire responsibility regarding this Examination shall rest with the office of the Director of Education, Administration of Union territory of Lakshadweep.

**Sd/-**
**JEEVAN BABU.K I.A.S**
**DIRECTOR**
**GENERAL EDUCATION**
**Housing Board Buildings, Santhi Nagar,**
**Thiruvananthapuram -1.**

**Sd/-**
**DR.S.S.VIVEKANANDAN**
**JOINT DIRECTOR [EXAMINATIONS]**
**&**
**SECRETARY**
**BOARD OF HIGHER SECONDARY**
**EXAMINATIONS, KERALA**
**Higher Secondary Education**
**Housing Board Buildings, Santhi Nagar,**
**Thiruvananthapuram -1.**

# TIME TABLE FOR THE FIRST YEAR HIGHER SECONDARY IMPROVEMENT/SUPPLEMENTARY EXAMINATION, JULY 2019

## [22/07/2019 TO 29/07/2019]

### TIME OF EXAMINATION [THEORY]

**Subjects without Practical : (FN) 9.30 AM to 12.15 PM [IST] including Cool off Time (15 minutes)**
**(AN) 2.00 PM to 4.45 PM [IST] including Cool off Time (15 minutes)**

**Subjects with Practical : (FN) 9.30 AM to 11.45 AM [IST] including Cool off Time (15 minutes)**
**except Biology and Music : (AN) 2.00 PM to 4.15 PM [IST] including Cool off Time (15 minutes)**
**Biology 2.00 PM to 4.25 PM including Cool off Time : 20 minutes ie., 10 minutes each for Botany & Zoology and 5 minutes preparatory time for Zoology**
**: Music 2.00 PM to 3.45 PM including Cool off Time (15 minutes)**

| DATE | | DAY | SUBJECTS |
|---|---|---|---|
| 22/07/2019 | FN | MONDAY | MATHEMATICS, **PART III** LANGUAGES, PSYCHOLOGY, SANSKRIT SAHITYA |
| 22/07/2019 | AN | MONDAY | **PART II** LANGUAGES, COMPUTER INFORMATION TECHNOLOGY (OLD), COMPUTER SCIENCE AND INFORMATION TECHNOLOGY |
| 23/07/2019 | FN | TUESDAY | BUSINESS STUDIES, SOCIOLOGY, PHILOSOPHY ANTHROPOLOGY |
| 23/07/2019 | AN | TUESDAY | CHEMISTRY, SANSKRIT SASTRA, POLITICAL SCIENCE |
| 24/07/2019 | FN | WEDNESDAY | ECONOMICS, JOURNALISM |
| 24/07/2019 | AN | WEDNESDAY | GEOLOGY, STATISTICS, COMPUTER APPLICATION, HOME SCIENCE, VOCATIONAL SUBJECTS (NSQF) |
| 25/07/2019 | FN | THURSDAY | ACCOUNTANCY, HISTORY, ISLAMIC HISTORY & CULTURE, COMMUNICATIVE ENGLISH, ELECTRONICS SERVICE TECHNOLOGY(OLD), ELECTRONIC SYSTEMS |
| 25/07/2019 | AN | THURSDAY | PHYSICS, GEOGRAPHY, MUSIC, GANDHIAN STUDIES, ENGLISH LITERATURE |
| 26/07/2019 | FN | FRIDAY | ENTREPRENEURSHIP DEVELOPMENT (NSQF) |
| 29/07/2019 | FN | MONDAY | ENGLISH **(PART I)** |
| 29/07/2019 | AN | MONDAY | SOCIAL WORK, BIOLOGY, COMPUTER SCIENCE, ELECTRONICS |

## FIRST YEAR ART IMPROVEMENT/SUPPLEMENTARY EXAMINATION, JULY 2019

### PART – III OPTIONALS

| | | | |
|---|---|---|---|
| 22/07/2019 | FN | MONDAY | LITERATURE |
| 22/07/2019 | AN | MONDAY | **PART II** - LANGUAGES |
| 24/07/2019 | AN | WEDNESDAY | SANSKRIT |
| 24/07/2019 | AN | WEDNESDAY | AESTHETICS |
| 25/07/2019 | FN | THURSDAY | MAIN |
| 25/07/2019 | AN | THURSDAY | SUBSIDIARY |
| 29/07/2019 | FN | MONDAY | **PART – I** ENGLISH |

**Sd/-**
**JEEVAN BABU.K I.A.S**
**DIRECTOR**
**GENERAL EDUCATION**
**Housing Board Buildings, Santhi Nagar, Thiruvananthapuram -1.**

**Sd/-**
**DR.S.S.VIVEKANANDAN**
**JOINT DIRECTOR [EXAMINATIONS]**
**&**
**SECRETARY**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA**
**Housing Board Buildings, Santhi Nagar, Thiruvananthapuram -1.**